പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2349 | 18/02/2016 ൽ മറുപടിക്ക്

സംസ്ഥാനത്തെ പി.എച്ച്.സി കളുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.എം. ഹംസ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പി.എച്ച്.സി കളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദീകരിക്കാമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ എൻ.എച്ച്.എം. മുഖേന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് സംവിധാനം ഏർപ്പെടുത്തുന്നതിനും സബ്സെന്ററുകളുടെ കെട്ടിട നിർമ്മാണ പ്രവർത്തനം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ട്, എം.എൽ.എ/എം.പി. ഫണ്ട്, പ്ലാൻ/നോൺ-പ്ലാൻ ഫണ്ട്, നബാർഡ് ഫണ്ട് എന്നിവ ഉപയോഗിച്ച് പി.എച്ച്.സി.കളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പി.എച്ച്.സി.കളിലെ മാനവശേഷി വർദ്ധിപ്പിക്കുന്നതിനായി 42 പി.എച്ച്.സി.കളിലായി ആകെ 281 തസ്തികകൾ സൃഷ്ടിച്ചു. പ്രതിദിന ശരാശരി ഒ.പി. 200 ൽ കൂടുതലുള്ള പി.എച്ച്.സി.കളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഡോക്ടർമാർ ഇല്ലാത്ത എത്ര പി.എച്ച്.സി കൾ സംസ്ഥാനത്തുണ്ട്; | (ബി) | ഡോക്ടർമാരുടെ തസ്തികകൾ ഇല്ലാത്ത പി.എച്ച്.സി.കൾ നിലവിലില്ല. സംസ്ഥാനത്ത് ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുള്ളത് 35 പി.എച്ച്.സി.കളിലാണ്. ഇവിടങ്ങളിൽ അഡ്ഹോക്ക് നിയമനങ്ങൾ വഴിയും മറ്റ് സമീപത്തെ മേജർ സ്ഥാപനങ്ങളിൽ നിന്നും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. |
| (സി) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പി.എച്ച്.സി കളിലെ ഡോക്ടർമാരുടെയും, പാരാമെഡിക്കൽ സ്റ്റാഫുകളുടെയും ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുക ളുടെയും ഒഴിവുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ